# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2811

12.03.2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ചോദ്യം / ഉത്തരം

| | ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കടൽക്ഷോഭത്തിലും പ്രകൃതി ദുരന്തങ്ങളിലും വള്ളം, വല, മറ്റ് മത്സ്യബന്ധന ഉപാധികൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (എ), (ബി) & (സി) | കടൽക്ഷോഭത്തിലും പ്രകൃതി ദുരന്തങ്ങളിലും പ്പെട്ട് വള്ളം, വല, മറ്റ് മത്സ്യബന്ധനോപാധികൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ ഫിഷറീസ് വകുപ്പിൽ പദ്ധതികളില്ല, നഷ്ടപരിഹാരത്തിനായി ലഭ്യമാകുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തിടിയാൻ നഷ്ടപരിഹാരത്തിന് അർഹനാണെങ്കിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ SDRF/NDRF ദുരിതാശ്വാസ നിധിയിൽ നിന്നും ആയത് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു ണ്ട്.<br>ഓഖി ചുഴലിക്കാറ്റിൽ വള്ളവും മറ്റ് അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെട്ടുപോയ മത്സ്യത്തൊഴിലാളികൾക്ക് പുതിയ മത്സ്യബന്ധന യൂണിറ്റുകൾ നൽകുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭാഗികമായി കേടുപാടുകൾ വന്നവർക്കും, വീട് നഷ്ടപ്പെട്ടവർക്കുമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും ഫിഷറീസ് വകുപ്പ് നേരിട്ടാണ്.<br>മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു ണ്ട്. |
| (ബി) | ഇത്തരത്തിൽ നാശനഷ്ടങ്ങൾക്കിരയായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി ആവിഷ്കരിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | | |
| (സി) | പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണം; അടിയന്തരമായി ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ